റഫ് നം. : DCKNR/1255/2025-DM2

**വേനൽക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളുടെ അവലോകനത്തിനായി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കണ്ണൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ 26/02/2026 തീയ്യതി വൈകീട്ട് 4.00 മണിക്ക് നടന്ന യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും.**

**യോഗത്തിൽ പങ്കെടുത്തവരുടെ പേര് വിവരങ്ങൾ ഇതോടൊപ്പം പ്രത്യേകം ഉള്ളടക്കം ചെയ്തിട്ടുള്ളതാണ്.**

വേനൽക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുമാണ് യോഗം ചേർന്നിട്ടുള്ളതെന്നും, നിയമസഭാ തെരഞ്ഞെടുപ്പ് 2026 മായി ബന്ധപ്പെട്ട ചുമതലകൾ ഉണ്ടെങ്കിലും ഉഷ്ണക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണെന്നും ജില്ലാ കളക്ടർ ആമുഖമായി അറിയിച്ചു. തുടർന്ന് വേനൽക്കാല മുന്നൊരുക്കവുമായി ബന്ധപ്പെട്ട ജില്ലയിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും ആയതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ ചുമതലകൾ സംബന്ധിച്ചും ജില്ലാ ഹസാർഡ് അനലിസ്റ്റ് വിശദീകരിച്ചു. വേനൽക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ കൃത്യമായി നിറവേറ്റണമെന്ന് ബഹു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു. ശേഷം യോഗാധ്യക്ഷനായ ജില്ലാ കളക്ടർ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുമേധാവികളിൽ നിന്ന് അഭിപ്രായങ്ങൾ ആരായുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

ജില്ലയിലെ MCF, RRF, മിനി MCF, ലെഗസി ഡംപ് സൈറ്റുകൾ എന്നിവടങ്ങളിൽ ഫയർ ഓഡിറ്റ് ചെയ്ത് വരുന്നുണ്ടെന്നും, കുടിവെള്ള വിതരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ വെച്ചിട്ടുണ്ടെന്നും, തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്കും ഹരിതകർമ്മ സേനക്കും ഉച്ചക്ക് 12 മണി മുതൽ 2 മണി വരെ ജോലി ഇളവ് നൽകിയിട്ടുണ്ടെന്നും, പൊതു കുളങ്ങളും കിണറുകളും പുനഃരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രതിനിധി അറിയിച്ചു - പട്ടിക വർഗ്ഗ ജന വിഭാഗത്തിന് പ്രൊമോട്ടർമാർ മുഖേന ബോധവൽക്കരണം നൽകുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും, കുടിവെള്ള ക്ഷാമം നേരിടുന്ന ഉന്നതികളുടെ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും, ആറളം പുനരധിവാസ മേഖലയിൽ കുടിവെള്ള വിതരണത്തിനായി 45 ലക്ഷം രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, ITDP അറിയിച്ചു - മാലിന്യ സംഭരണ കേന്ദ്രങ്ങളിൽ പരിശോധനകൾ ആരംഭിച്ചിട്ടുണ്ടെന്നും, മിക്ക സൈറ്റുകളിലും ഫയർ എക്സ്റ്റിംഗ്യൂഷേർസ് മാത്രമാണ് സ്ഥാപിച്ചിട്ടുള്ളതാണെന്നും, മുന്നേ നിർദ്ദേശിച്ചത് പോലെ വാട്ടർ ടാങ്ക് & പമ്പിങ് സൗകര്യങ്ങൾ സ്ഥാപിച്ച് കാണുന്നില്ലെന്നും, മാലിന്യങ്ങൾ കൂനകൾ ആയിട്ടാണ് സൂക്ഷിച്ചിട്ടുള്ളതെന്നും കണ്ണൂർ ഫയർ സ്റ്റേഷൻ ഓഫീസർ അറിയിച്ചു. വ്യാപാര സ്ഥാപനങ്ങളിലും മറ്റും പരിശോധന നടത്തിയതിൽ നിയമപ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് കാണുന്നില്ലെന്നും, മിക്ക കെട്ടിടങ്ങളുടെയും NOC പുതുക്കുന്നില്ലെന്നും, അടിയന്തിര

സാഹചര്യങ്ങൾ നേരിടുന്നതിനായി ആവശ്യമായ പരിശീലനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നുണ്ടെന്നും കൂട്ടിച്ചേർത്തു - ജില്ലയിൽ ഈ വർഷം ഇതുവരെ കാട്ടുതീ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും, പൈതൽമല പോലുള്ള പ്രദേശങ്ങളിൽ Controlled Burning, Biomass Removal എന്നിവ നടത്തിയിട്ടുണ്ടെന്നും, വിദ്യാലയങ്ങളിലും, ഉന്നതികളിലും ആവശ്യമായ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും, ഫോറസ്റ്റ് കൺട്രോൾ റൂം 24 മണിക്കൂറും പ്രവൃത്തിച്ച് വരുന്നുണ്ടെന്നും, വന്യജീവികൾക്ക് കാടിനുള്ളിൽ തന്നെ കുടിവെള്ളം ലഭ്യമാക്കുന്നതിനായി കാടിനുള്ളിൽ ഉള്ള കുളങ്ങളുടെ പുനരുജ്ജീവനവും, ചെക്ക് ഡാം നിർമ്മാണവും ചെയ്തിട്ടുണ്ടെന്നും റേഞ്ച് ഫോറസ്റ്റ് ഓഫീസർ അറിയിച്ചു - ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനങ്ങൾ നടത്തി വരുന്നുണ്ടെന്നും, ആശാ വർക്കർ മുഖേന പൊതു ജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നുണ്ടെന്നും, സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ ഉള്ള ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും പ്രതിദിന IDSP റിപ്പോർട്ട് വാങ്ങുന്നുണ്ടെന്നും, ജില്ലയിൽ നിലവിൽ മതിയായ മെഡിക്കൽ സ്റ്റോക്ക് ഉണ്ടെന്നും DMO ഇൻചാർജ് അറിയിച്ചു. സർക്കാർ ആരോഗ്യ പരിപാലന കേന്ദ്രങ്ങളിലെ ഫയർ സേഫ്റ്റി ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടെന്നും, 31 സ്വകാര്യ സ്ഥാപനങ്ങളും ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, സ്വകാര്യ വ്യക്തികൾ മുഖേനയുള്ള കുടിവെള്ള വിതരണം നടത്തുമ്പോൾ ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിരീക്ഷിക്കണമെന്നും DMO ഇൻചാർജ് കൂട്ടിച്ചേർത്തു - നിലവിൽ കുടിവെള്ള വിതരണം നടത്തുന്നതിന് മതിയായ ജല ലഭ്യത ഉണ്ടെന്നും, പഴശ്ശി ഡാമിൽ നിന്നും കുടിവെള്ള വിതരണത്തിന് വേണ്ടിയുള്ള പമ്പിങ്ങിന് മുൻഗണന നൽകണമെന്നും വാട്ടർ അതോറിറ്റി അധികൃതർ അറിയിച്ചു - വേനൽക്കാലത്ത് ഉണ്ടായേക്കാവുന്ന പകർച്ചാ വ്യാധികൾ തടയുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികളും ക്ലാസ്സുകളും നടത്തി വരുന്നുണ്ടെന്ന് കണ്ണൂർ സർക്കിൾ ഫുഡ് സേഫ്റ്റി ഓഫീസർ അറിയിച്ചു - എല്ലാ വിദ്യാലയങ്ങളിലും ആവശ്യമായ കുടിവെള്ള സൗകര്യവും, വേനൽക്കാലം അഭിമുഖീകരിക്കുവാൻ ആവശ്യമായ മറ്റ് സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ടെന്ന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു - ലേബർ കമ്മീഷണറുടെ ഉത്തരവ് പ്രകാരം 12.00 മണി മുതൽ 3.00 മണി വരെ വിശ്രമം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, നിർമ്മാണ സൈറ്റുകളിൽ പ്രത്യേകം പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണെന്നും തൊഴിൽ വകുപ്പ് അറിയിച്ചിട്ടുണ്ട് - വേനൽക്കാലത്ത് ട്രാഫിക്ക് പോലീസ് ഉദ്യോഗസ്ഥർക്ക് സ്വീകരിക്കേണ്ട മുൻകരുതൽ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും, പോലീസിന്റെ ഡംപിങ് സൈറ്റുകളിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്നും, ഉദ്യോഗസ്ഥർക്ക് BLS ട്രെയിനിങ് ക്ലാസ്സുകൾ നൽകിയിട്ടുണ്ടെന്നും കണ്ണൂർ സിറ്റി പോലീസ് ഉദ്യോഗസ്ഥൻ അറിയിച്ചു - വേനൽക്കാലങ്ങളിൽ വൈദ്യുതി ഉപയോഗം കൂടുതൽ ആയതിനാൽ ആയത് അഭിമുഖീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തിയുട്ടുണ്ടെന്നും KSEB അധികൃതർ അറിയിച്ചു. യോഗത്തിൽ ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

**യോഗ തീരുമാനം**

- ജില്ലയിലെ MCF, RRF, മിനി MCF, ലെഗസി ഡംപ് സൈറ്റുകൾ എന്നിവടങ്ങളിൽ ഫയർ ഓഡിറ്റ് അടിയന്തിരമായി പൂർത്തിയാക്കി റിപ്പോർട്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

- ആവശ്യമായ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാത്തവരുടെ ലിസ്റ്റ് ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ആവശ്യമായ കർശന നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
- വേനൽക്കാല മുന്നൊരുക്കവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരേയും, പ്രസിഡന്റുമാരേയും, ബന്ധപ്പെട്ട വകുപ്പുകളേയും ഉൾപ്പെടുത്തി ഒരു യോഗം വിളിച്ച് ചേർക്കേണ്ടതാണ്.

**- ജോയിന്റ് ഡയറക്ടർ, LSGD, കണ്ണൂർ**

- ജില്ലയിൽ കച്ചവട സ്ഥാപനങ്ങളിലും മറ്റും വേനൽക്കാലവുമായി ബന്ധപ്പെട്ട് ഫയർ & റെസ്ക്യൂ വകുപ്പ് ചെയ്യുന്ന പരിശോധന റിപ്പോർട്ടുകൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്

**- ഫയർ & റെസ്ക്യൂ**

- വനാതിർത്തിയിലുള്ള പ്രദേശങ്ങളിൽ കാട്ടുതീ തടയുന്നതിനായി കാടുകൾ വെട്ടിത്തെളിക്കുന്ന പ്രവൃത്തി മാർച്ച് ആദ്യ വാരത്തോടെ പൂർത്തീകരിക്കേണ്ടതാണ്.

**- വനം വന്യജീവി വകുപ്പ്**

- ആറളം പുനരധിവാസ മേഖലയിൽ കുടിവെള്ള വിതരണത്തിനായി പ്രത്യേകം അനുവദിച്ച പദ്ധതിയുടെ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതാണ്.

**- പ്രോജക്ട് ഓഫീസർ, ITDP**

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ഭക്ഷണശാലകളിലും, കാറ്ററിംഗ് സെന്ററുകളിലും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ ആവശ്യമായ പരിശോധനകൾ നടത്തേണ്ടതാണ്.

**- ഫുഡ് & സേഫ്റ്റി**

- വേനൽക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മറ്റ് വകുപ്പുകൾ സ്വീകരിച്ച് വരുന്ന നടപടികൾ സംബന്ധിച്ച റിപ്പോർട്ട് (ATR) ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

**- ബന്ധപ്പെട്ട വകുപ്പുകൾ**

യോഗം 5.00 മണിക്ക് അവസാനിച്ചു.

ജില്ലാ കളക്ടർ
കണ്ണൂർ

ഇത് കമ്പ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണം ആയതിനാൽ മാന്വൽ ഒപ്പ് ആവശ്യമില്ല. ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in എന്ന വെബ്സൈറ്റ്

സന്ദർശിക്കാവുന്നതാണ് .